**പതിമൂന്നാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 691 — 12.06.2013-ൽ മറുപടിയ്ക്ക്

<u>ഡിഫ്തീരിയ രോഗ നിയന്ത്രണം</u>

| <u>ചോദ്യം</u><br>ശ്രീ. കെ. വി. അബ്ദുൾ ഖാദർ | <u>മറുപടി</u><br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി) |
|---|---|
| (എ) ഡിഫ്തീരിയ രോഗബാധ സംസ്ഥാനത്ത് വീണ്ടും സ്ഥിരീകരിച്ചിട്ടുണ്ടോ ; | (എ) 2013 ജനവരി മുതൽ മേയ് വരെ ആകെ 5 കേസും അതിൽ 1 മരണവും സംസ്ഥാനത്ത് സ്ഥിരീകരിച്ചിട്ടുണ്ട്. 2012 ൽ 8 പേർക്ക് ഡിഫ്തീരിയ രോഗം സ്ഥിരീകരിച്ചിട്ടുണ്ട്. |
| (ബി) ഇത് നിയന്ത്രിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുളളതെന്ന് വ്യക്തമാക്കാമോ? | (ബി) നവജാത ശിശുക്കൾക്ക് പ്രസവിച്ച 6 ആഴ്ച, 10 ആഴ്ച, 14 ആഴ്ച എന്നീ സമയങ്ങളിൽ പെന്റാവലന്റ് വാക്സിൻ നൽകി വരുന്നു. അഞ്ച് രോഗത്തിനെതിരെയുള്ള പെന്റവലന്റ് വാക്സിനിൽ ഡിഫ്തീരിയ രോഗപ്രതിരോധവും പെടുന്നു. 14 ആഴ്ചകൾക്കുശേഷവും 1½വയസ്സിലും 4 1/2 വയസ്സിലും ഡി.പി.റ്റി. ബൂസ്റ്റർ നൽകി വരുന്നു. ഇത് എല്ലാ സർക്കാർ ആശുപത്രികളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സബ്സെന്ററുകളിലും നൽകി വരുന്നു. കൂടാതെ അംഗൻവാടികൾ മറ്റും കേന്ദ്രീകരിച്ച് ഫീൽഡ് തലത്തിലും കുത്തിവയ്പ്പ് നടത്തുന്നു. ഇതിനുപുറമെ ആശാ വർക്കർമാർ, അംഗൻവാടി പ്രവർത്തകർ, ജെ.പി.എച്ച്.എൻ. വഴി, കുത്തിവയ്പ്പ് കിട്ടാത്തതും മുടങ്ങിക്കിടക്കുന്നതുമായ കുഞ്ഞുങ്ങളെ പ്രത്യേകം കണ്ടെത്തി അവർക്കുവേണ്ടി ഇമ്മ്യൂണൈസേഷൻ ക്യാമ്പുകളും മറ്റും നടത്താറുണ്ട്.<br>കുത്തിവയ്പ്പ് ലഭിയ്ക്കാത്തതോ പൂർത്തീകരിക്കാത്തതോ ആയ കുട്ടികളെ കണ്ടെത്തി വാക്സിൻ നൽകാൻ പ്രത്യേക ചികിത്സാവാരം (special immunization week) നടപ്പാക്കിവരുന്നു. എം.സി.റ്റി.എസ്. (Mother & Child Tracking System) വഴിയായി പ്രതിരോധ ചികിത്സ ലഭിക്കേണ്ട കുട്ടികളെ അത് നൽകേണ്ട സമയത്ത് തന്നെ കണ്ടെത്തി ആയത് നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ